**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4027** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ് പ്രവർത്തനക്ഷമമാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്ത ഐസൊലേഷൻ വാർഡ് ഇനിയും പ്രവർത്തനക്ഷമമാക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | (എ) | വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാലാണ് ഉദ്ഘാടനത്തിനുശേഷവും കടപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ **ഐസൊലേഷൻ വാർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത്. ടി സ്ഥാപനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് അംഗീകാരവും ഫണ്ടും ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വാട്ടർ കണക്ഷൻ ടി സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.** |
| (ബി) | 1.76 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത വാർഡ് എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | നിർമ്മാണം പൂർത്തിയായ കെട്ടിടം ആശുപത്രി അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ടി വാർഡിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ